മെന്നും അതിന്റെ തീരുമാനം വരുന്നതുവരെ ബീച്ചുകളുടെ വശങ്ങളിൽ നിരോധിത മേഖല 200 മീറ്ററിൽ നിന്നും 50 മീറ്ററായും ഉൾനാടൻ ജലാശയങ്ങളുടെ വശങ്ങളിൽ വികസനനിരോധിതമേഖല 100 മീറ്ററിൽ നിന്നും 25 മീറ്ററായി കുറയ്ക്കണമെന്നും കേന്ദ്രവനം-പരിസ്ഥിതി വകുപ്പുമന്ത്രിയോട് 2000 ഫെബ്രുവരി 7ന് മുഖ്യമന്ത്രി ആവശ്യപ്പെട്ടിട്ടുണ്ട്.

249(2393) മർദ്ദനകേസിൽ നഷ്ടപരിഹാരം നൽകാൻ നടപടി

ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജേഷ് എന്ന പട്ടികജാതിയിൽപ്പെട്ട ബാലനെ മോഷണക്കേസ് ആരോപിച്ച് പൂന്തുറ പോലീസ് അറസ്റ്റ് ചെയ്യുകയും പിന്നീട് കോവളം, തിരുവല്ലം എന്നീ പോലീസ് സ്റ്റേഷനുകളിലേയ്ക്ക് കൊണ്ടുപോയി മർദ്ദിക്കുകയു ചെയ്ത കേസിൽ മൂന്നു ലക്ഷം രൂപ നഷ്ട പരിഹാരം നൽകാൻ ദേശീയ മനുഷ്യാവകാശ കമ്മീഷൻ വിധി പ്രസ്താവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതനുസരിച്ച് തുക നൽകിയോ; ഇല്ലെങ്കിൽ കാരണമെന്ത്;

(സി) ഈ കേസുമായി ബന്ധപ്പെട്ട പോലീസുകാർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുവാൻ മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ടോ;

(ഡി) ഇതനുസരിച്ച് എന്തു നടപടി സ്വീകരിച്ചു?

ഉത്തരം

(എ) രാജേഷ് എന്ന ബാലന് മൂന്നുലക്ഷം രൂപ നഷ്ടപരിഹാരം നൽകാൻ ഗവൺമെന്റിനോട് ദേശീയ മനുഷ്യാവകാശകമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്.

(ബി) ഇല്ല. ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ ശുപാർശ സർക്കാർ പരിശോധിച്ചു വരികയാണ്.

(സി) ശുപാർശ ചെയ്തിട്ടുണ്ട്.

(ഡി) ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ ശുപാർശകൾ സർക്കാർ പരിശോധിച്ചുവരികയാണ്.

250(2412) രാഷ്ട്രീയ സംഘട്ടനങ്ങളിൽ അംഗഭംഗം സംഭവിച്ചവർ

ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ശേഷം അക്രമങ്ങളിലും മറ്റും എത്രപേരുടെ കൈകാലുകൾ വെട്ടിക്കളഞ്ഞ സംഭവം ഉണ്ടായിട്ടുണ്ട്;

(ബി) ഇവരിൽ സി.പി.ഐ(എം), ബി.ജെ.പി, സി.പി.ഐ, കോൺഗ്രസ്സ്, ജെ.എസ്.എസ്, സി.എം.പി, എന്നീ കക്ഷികളിലും മറ്റ് കക്ഷികളിലും പെട്ടവർ എത്രപേർ വീതമുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly